Draft #3 of File 21452/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Sep-2019 07:00 PM - Page 1

150 YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

സെന്റ്.തെരേസാസ് കോളേജ്,എറണാകുളം (സ്വയംഭരണം) -കോളേജിൽ നിലവിലുള്ള BCA in Cloud Technology and Information Security Management എന്ന പ്രോഗ്രാമിന്റെ പേര് BCA (Cloud Technology and Information Security Management) എന്നാക്കി മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4271/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.09.2019

---

പരാമർശം:-1) 13/04/2018-ലെ 3350/3/എസിബി VII/2018 നമ്പർ സർവ്വകലാശാല ഉത്തരവ്.
2) 14/06/2019 -ലെ സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ STC/AU/616/19 നമ്പർ കത്ത്
3) 02/08/2019-ലെ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗത്തിന്റെ മീറ്റിങ്ങിന്റെ മിനിറ്റ്സ് ഇനം നം

## ഉത്തരവ്

സ്വയംഭരണ കോളേജായ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ സർവകലാശാലയുടെ അനുമതി തേടാതെ ആരംഭിച്ച 1 9 പുതിയ പ്രോഗ്രാമുകളിലെ 2015-16, 2016-17, 2017-18 വർഷങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തി വിജയിച്ച വിദ്യാർത്ഥികളുടെ പ്രൊവിഷണൽ/ഡിഗ്രി സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുവാൻ അനുമതി നൽകി പരാമർശം-1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി 19 പുതിയ പ്രോഗ്രാമുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രോഗ്രാമാണ് BCA in Cloud Technology and Information Security Management. പ്രസ്തുത പ്രോഗ്രാമിന്റെ പേര് യു.ജി.സി. റഗുലേഷൻസ് 2014-ലെ ജനറൽ ഇൻസ്ട്രക്ഷൻസിൽ പ്രതിപാദിക്കുന്ന പോലെ BCA (Cloud Technology and Information Security Management) എന്നാക്കി മാറ്റുന്നതിന് അനുമതി നൽകുന്നതിനായി പരാമർശം -2 പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു.

സെന്റ്.തെരേസാസ് കോളേജിലെ BCA പ്രോഗ്രാമിന്റെ പേരിൽ വ്യത്യാസം വരുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. പരാമർശം-3 പ്രകാരം അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗം വിഷയം പരിഗണിക്കുകയും UGC 2014 റഗുലേഷൻസിലെ ജനറൽ ഇൻസ്ട്രക്ഷൻസ് പ്രകാരം പ്രോഗ്രാമിന്റെ പേരിനോടൊപ്പം സ്പെഷ്യലൈസേഷൻ ബ്രാക്കറ്റിൽ ചേർക്കാവുന്നതാണ് എന്ന വ്യവസ്ഥ അടിസ്ഥാനമാക്കി സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിലെ ബി.സി.എ. പ്രോഗ്രാമിന്റെ പേര് BCA (Cloud Technology and Information Security Management) എന്നാക്കി മാറ്റുന്നതിന് അനുമതി നൽകാൻ ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗത്തിന്റെ ടി ശിപാർശ ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) പ്രിൻസിപ്പൽ സെന്റ് തെരേസാസ് കോളേജ് , എറണാകുളം
4) മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7) അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8) ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
9) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ ഇ.ഐ.39 സെക്ഷൻ
10) സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #3 of File 21452/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Sep-2019 07:00 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം